ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരോളിലിറങ്ങിയ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഈ രണ്ടുപേരിൽ ഒരാൾ തൃശൂർ ജില്ലയിലും മറ്റൊരാൾ എറണാകുളം ജില്ലയിലും ഉള്ളതാണ്.

തുറന്ന ജയിലിലെ തൊഴിലിനുള്ള വേതന കുടിശ്ശിക

84 (3038) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിലെ തടവുകാർക്ക് ജയിലിൽ തൊഴിൽ ചെയ്യുന്നതിന്റെ വേതനം മാസങ്ങളായി ലഭ്യമാകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നെട്ടുകാൽത്തേരി ഓപ്പൺ ജയിലിലുള്ള തടവുകാർക്ക് പരോളിനു പുറമേ ഹോംലീവ് എന്ന ആനുകൂല്യം ലഭ്യമാകുന്നുണ്ടോ ;

(സി) ഹോം ലീവ് പരോളിനോടൊപ്പം ചേർത്ത് അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തടവുകാർക്ക് ലഭിക്കേണ്ട വേതനം കൃത്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള ചട്ടമനുസരിച്ച് ഒരു ലീവും മറ്റൊരു ലീവിനോട് ചേർത്ത് നൽകുവാൻ വ്യവസ്ഥയില്ലാത്തതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവാഹമില്ല.

(ഡി) വേതനമിനത്തിൽ കുടിശ്ശികവരാത്ത വിധത്തിൽ നൽകണമെന്ന് എല്ലാ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കുടിശ്ശിക തീർക്കുന്നതിനാവശ്യമായ ഫണ്ട് ജയിലുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

എക്സ് സർവ്വീസ്മെൻ ഡവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ പ്രവർത്തനം

85 (3039) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആസ്ഥാനമാക്കി കേരള സംസ്ഥാന എക്സ് സർവ്വീസ്മെൻ ഡവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly